വ്യവസായ മേഖലയിലെ വിദേശ നിക്ഷേപം

8 [1213] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ മേഖലയിൽ വിദേശ നിക്ഷേപം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി) കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെയുള്ള കുമരകം റോക്ക് റിസോർട്ട്സ് 28 കോടി രൂപയുടെ മുതൽമുടക്കിൽ 20 കോടിയും റൂബെക്ക് ബവ്വൺസ് എറണാകുളത്തിന്റെ 3 കോടി മുതൽ മുടക്കിൽ 1 കോടിയും വിദേശ നിക്ഷേപമാണ്. കേന്ദ്ര സർക്കാരിന്റെ സെക്രട്ടേറിയറ്റ് ഫോർ ഇൻഡസ്ട്രീയൽ അസിസ്റ്റന്റ്സ് വഴി 2001 ജൂലൈ മുതൽ 2004 ജൂലൈ വരെ ഏകദേശം 352 കോടി രൂപയുടെ പദ്ധതികൾക്ക് കേരളത്തിൽ വിദേശ നിക്ഷേപത്തിന് അനുമതി നൽകുകയുണ്ടായി.

പരമ്പരാഗത വ്യവസായ സഹായനിധിയുടെ പ്രവർത്തനം

9 [1214] ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ സഹായനിധിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ തന്നാണ്ടിൽ നിധിയിലേക്ക് സർക്കാർ എത്ര തുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) പരമ്പരാഗത വ്യവസായ സഹായനിധിയിൽനിന്നും ഇതിനകം എന്തെല്ലാം നിലയിലുള്ള സംരംഭങ്ങൾക്ക് സഹായം വിതരണം ചെയ്യുകയുണ്ടായെന്ന് വെളിപ്പെടുത്താമോ ;

(ഡി) പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നിധി പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി, ഡി) ഇല്ല. 2004-ലെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വ്യവസായ വികസന നിധിയ്ക്ക് രൂപം നൽകുന്നതാണെന്നും ആദ്യഗഡുവായി 50 കോടി രൂപ നിധിയിലേയ്ക്ക് അനുവദിക്കുമെന്നും പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത വ്യവസായ വികസന നിധി രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു സ്കീമിന് രൂപം നൽകുകയും ടി സ്കീമിന് ആസൂത്രണവകുപ്പിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. ടി സ്കീം ധനകാര്യ വകുപ്പ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഈ സഹായനിധിയുടെ വിശദാംശങ്ങൾ രൂപീകരിച്ചതിനുശേഷം പരമ്പരാഗത വ്യവസായങ്ങൾക്ക് ധനസഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിൽ വ്യവസായ എസ്റ്റേറ്റുകൾ

10 [1215] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
,, ടി. പി. എം. സാഹിർ :
,, സി. മമ്മൂട്ടി :
,, കെ. എൻ. എ. ഖാദർ :
,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ പുതിയ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(സി) എന്തെല്ലാം വ്യവസായ യൂണിറ്റുകളാണ് ഇതിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലാ മിനിവ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിന് കീഴിൽ മലപ്പുറം ജില്ലയിൽ പുലാമന്തോൾ പഞ്ചായത്തിൽ ചെമ്മലശ്ശേരി വില്ലേജിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കേരള വികസന പദ്ധതി 2004-2005 പ്രകാരം പേരൂർ വില്ലേജിൽ ഒരു മിനിവ്യവസായ എസ്റ്റേറ്റ് ആരംഭിക്കാൻ നടപടി പുരോഗമിക്കുന്നു.

(സി) പുലാമന്തോൾ, പേരൂർ വ്യവസായ എസ്റ്റേറ്റുകളിൽ റെഡിമെയിഡ് ഗാർമെന്റും ഭക്ഷ്യോൽപ്പന്ന യൂണിറ്റുകളുമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly